# നിയന്ത്രണങ്ങളും സൗജന്യങ്ങളും

### വിദേശ നാണ്യശേഖരം

കയറ്റുമതി ചെയ്യുന്ന ഉൽപ്പന്നങ്ങളുണ്ടാക്കുന്ന സ്ഥാപനങ്ങൾക്ക് ഇതിൽ ഇളവുകളുണ്ടായിരുന്നു. കയറ്റുമതിയിലൂടെ ലഭ്യമാകുന്ന വിദേശനാണ്യശേഖരത്തിൽ നിന്നും ഇത് തിരിച്ചുപിടിക്കാമെന്നതിനാലാണിത്. വിദേശവ്യാപാരശിഷ്ടം എപ്പോഴും നെഗറ്റീവ് ആയ (ഇറക്കമതി കയറ്റുമതിയേക്കാൾ കൂടുതൽ) ഒരു രാജ്യമാണ് ഇന്ത്യ. അതുകൊണ്ടുതന്നെ അനിയന്ത്രിതമായ ഇറക്കമതി നമ്മുടെ വിദേശനാണ്യശേഖരത്തിൽ വൻകുറവുണ്ടാക്കും. ഒഴിവാക്കാനാവാത്ത ചില വസ്തുക്കൾ (ക്രൂഡ് ഓയിൽ മുതലായവ) ഇറക്കമതി ചെയ്യാൻ എന്തായാലും വിദേശനാണ്യം ആവശ്യമാണല്ലോ. ഇറക്കമതി രംഗത്ത് ചില അയവുകൾ നൽകിയതും ഇന്ധന ഉപയോഗം ക്രമാതീതമായി വർദ്ധിച്ചതും മൂലമാണ് 1990-91 ലെ (കു)പ്രസിദ്ധമായ വിദേശനാണയ പ്രതിസന്ധിയുണ്ടായതും സ്വർണ്ണം പണയം വെച്ച് ഇന്ത്യ രക്ഷപ്പെട്ടതും മറ്റും. ഇരുചക്രവാഹനങ്ങളുടേയും പല യന്ത്രോപകരണങ്ങളുടേയും ഇറക്കമതിയിലാണ് അന്ന് അയവുവരുത്തിയത്. (ഇത് ആസൂത്രിതമായിരുന്നുവെന്നും ആ പ്രതിസന്ധിയുടെ പിൻപറ്റിയാണ് ഇന്ത്യ ആഗോളവൽക്കരണ നയങ്ങളെ സ്വീകരിച്ചതെന്നും വലിയൊരു വിഭാഗം സാമ്പത്തിക വിദഗ്ധർ പറയുന്നുണ്ട്). ഇത്തരം നിയന്ത്രണങ്ങളെയാണ് ആഗോളവൽക്കരണ വാദികൾ 'ലൈസൻസ് രാജ്' എന്നും മറ്റും വിളിച്ച് ആക്ഷേപിക്കുന്നത്. ഓരോ ഉൽപ്പന്നത്തിനുമുള്ള ഇറക്കമതി തീരുവയുടെ പരമാവധി നിശ്ചയിക്കുന്നതിന പിന്നിലും സാമൂഹികവും സാമ്പത്തികവുമായ ചില മാനദണ്ഡങ്ങളുണ്ടായിരുന്നു. ഒരു ഉൽപ്പന്നം നമ്മുടെ നാട്ടിൽ ഉൽപ്പാദിപ്പിക്കുന്ന വിലയും അതിന്റെ അന്താരാഷ്ട്ര കമ്പോളത്തിലെ (അല്ലെങ്കിൽ അതു കയറ്റുമതി ചെയ്യുന്ന രാജ്യം ഈടാക്കുന്ന) വിലയും തമ്മിലുള്ള വ്യത്യാസത്തേക്കാൾ കൂടുതലായിരിക്കും ഇറക്കമതി തീരുവ. അതുകൊണ്ടു തന്നെ തദ്ദേശീയമായ ഉൽപ്പന്നങ്ങൾ വാങ്ങുന്നതായിരിക്കും ഉപഭോക്താവിനും ലാഭകരം. നമ്മുടെ രാജ്യത്ത് രക്ഷിക്കപ്പെടണമെന്ന് ഏറ്റവും നിർബന്ധമുള്ള വ്യവസായങ്ങളുടെ ഉൽപ്പന്നമാണ് എങ്കിൽ അവയ്ക്ക് വളരെ ഉയർന്ന നിരക്ക് ഏർപ്പെടുത്തിയിരുന്നു. (ഇലക്ട്രോണിക്സ്, ഭക്ഷ്യ വിഭാഗങ്ങൾ മുതലായവ). ഉപകരണങ്ങൾ നിർമ്മിക്കാനുള്ള ഘടകങ്ങൾക്ക് ഉപകരണങ്ങളേക്കാൾ കുറഞ്ഞ നിരക്കാണ് ഏർപ്പെടുത്തിയത്. ഇതുമൂലം അവ ഇന്നാട്ടിൽ കൊണ്ടുവന്ന് ഉപകരണങ്ങളുണ്ടാക്കി വിൽക്കാൻ പ്രേരിപ്പിക്കപ്പെട്ടു. ഇതു നാട്ടിൽ തൊഴിൽ സാധ്യത വർദ്ധിപ്പിക്കും. ഇത്തരത്തിൽ ഒട്ടേറെ സങ്കീർണ്ണമായ തീരുവ ഘടനയുണ്ടായിരുന്നു ഓരോ രാജ്യത്തിനും.

**ആഗോളവൽക്കരണ പാഠങ്ങൾ – മുൻലക്കം തുടർച്ച**

തീരുവകളിലൂടെയല്ലാതെ തന്നെ പല ഇറക്കമതി നിയന്ത്രണങ്ങളും ഉണ്ടായിരുന്നു. നമ്മുടെ സാംസ്കാരികരംഗത്ത് അനാശാസ്യ പ്രവണതകൾ കടന്നുവരുന്നതു തടയുന്നതിനു വേണ്ടി പ്രസിദ്ധീകരണങ്ങൾ , സിനിമകൾ മുതലായവയുടെ ഇറക്കമതിയും തടഞ്ഞു. നമ്മുടെ പാരിസ്ഥിതിക സന്തുലനം നശിപ്പിക്കുന്ന തരം ഉൽപന്നങ്ങൾക്കും വിലക്കേർപ്പെടുത്തിയിരിക്കുന്നു. ഇത് ഇന്ത്യമാത്രമല്ല മിക്കവാറും എല്ലാ സ്വതന്ത്ര്യ രാജ്യങ്ങളും സ്വീകരിച്ച നയമായിരുന്നു. ഇവയെല്ലാം തന്നെ സ്വതന്ത്രവ്യാപാരത്തിനെതിരാണെന്നതാണ് ഗാട്ട് കരാറിന്റെ അടിസ്ഥാന തത്വം. യാതൊരു കടമ്പകളുമില്ലാതെ ഉൽപ്പന്നങ്ങൾ ലോകത്താകമാനം ഒഴുകിയെത്തണം എന്നവർ വാദിച്ചു.

### സബ്സിഡി

ആഗോളവൽക്കരണത്തിന്റെ ഈ കാലഘട്ടത്തിൽ ഏറെ വെറുക്കപ്പെട്ട ഒരു വാക്കായാണ് 'സബ്സിഡി' അവതരിപ്പിക്കപ്പെടുന്നത്. 'ഇങ്ങനെ സൗജന്യങ്ങൾ നൽകി ഒന്നിനേയും നിലനിർത്താനാവില്ല' തുടങ്ങിയ ജനപ്രിയ ആക്രോശങ്ങൾ നടത്തി മദ്ധ്യ-ഉപരിവർഗ്ഗക്കാരുടെ കയ്യടി വാങ്ങുകയാണ് ഭരണക്കാർ. എന്നാൽ ഇത്തരം സബ്സിഡികൾ നൽകിയിരുന്നതിന് വ്യക്തമായ സാമൂഹ്യ-സാമ്പത്തിക കാരണങ്ങളും ചരിത്ര പശ്ചാത്തലവുമുണ്ടെന്ന് ഇവർ മനസ്സിലാക്കുന്നില്ല. (അഥവാ അതു പറയുന്നില്ല!) തീരുവയുടെ കാര്യത്തിലെന്നപോലെ ഓരോ സമൂഹത്തിലും ചരിത്രപരമായ കാരണങ്ങളാൽ പിന്തള്ളപ്പെട്ടുപോയ വിഭാഗങ്ങളെ സംരക്ഷിച്ചു നിലനിർത്താൻ സൗജന്യങ്ങൾ അനിവാര്യമാണ്. അതുപോലെ തന്നെ ബഹു ഭൂരിപക്ഷം വരുന്ന ജനങ്ങളുടെ ജീവനോപാധികൾ നിലനിർത്താനും സബ്സിഡികൾ ആവശ്യമാണ്.

ഏറ്റവും നല്ല ഉദാഹരണം കാർഷിക-ഗ്രാമീണ മേഖലയാണ്. രാജ്യത്തിന്റെ ഭക്ഷ്യ സുരക്ഷിതത്വം ഉറപ്പിക്കുന്നതിനുവേണ്ടി ഭക്ഷ്യവിളകളുടെ ഉൽപാദന സംവിധാനം സംരക്ഷിക്കപ്പെടേണ്ടതുണ്ട്. ഹരിതവിപ്ലവത്തിന്റെ കാലഘട്ടത്തിൽ ഇത്തരം ഇളവുകൾ നൽകിയത് രാസവളങ്ങൾക്കും കീടനാശിനികൾക്കും ഊർജാധിഷ്ഠിത കൃഷിരീതികൾക്കുമാണ് എന്ന കാര്യം ചോദ്യം ചെയ്യപ്പെടേണ്ടതാണ്. പാരിസ്ഥിതികമായ സന്തുലനം സംരക്ഷിക്കാൻ തയ്യാറാവുന്നതുമൂലം (താൽക്കാലികമായി) ഉൽപ്പാദനത്തിലും വരുമാനത്തിലും കുറവുണ്ടാകുന്ന ജൈവ കർഷകർക്കായിരുന്നു സബ്സിഡി നൽകേണ്ടിയിരുന്നതെന്ന വാദം ശരിയാണ്. അതെന്തായാലും രാജ്യത്തെ ഭക്ഷ്യോൽപാദനം മെച്ചപ്പെടുത്താൻ സബ്സിഡി നൽകേണ്ടതുതന്നെയാണ്.

ഭക്ഷ്യവസ്തുക്കളുടെ വിലതാഴ്ന്നിരിക്കുകയും എല്ലാവർക്കും അതു വാങ്ങാൻ കഴിയുന്നത്ര വരുമാനമുണ്ടായിരിക്കുകയും വേണം. ഇതിനുവേണ്ടി കർഷകനു സബ്സിഡിയും അവർക്കു നഷ്ടമുണ്ടാകാത്ത വിധത്തിൽ ഉൽപ്പന്ന സംഭരണവും നടത്തേണ്ട ചുമതല സർക്കാരിനുണ്ട്. എന്നാൽ ദരിദ്രവിഭാഗത്തിന് ഈ വിലക്കിതു വാങ്ങാൻ കഴിയില്ലെന്നതിനാൽ വീണ്ടും സബ്സിഡി നൽകി പൊതുവിതരണ സംവിധാനത്തിലൂടെ അവശ്യവസ്തുക്കൾവിതരണം ചെയ്യുകയും ചെയ്തു. പ്രാദേശിക വ്യവസായിക ഉൽപ്പന്നങ്ങളെ സംരക്ഷിക്കാനും സബ്സിഡികൾ നൽകിയിരുന്നു. കൈത്തറി-ഖാദി ഉൽപ്പന്നങ്ങൾക്ക് വിശേഷാവസരങ്ങളിൽ നൽകിയിരുന്ന റിബേറ്റ് ഇത്തരത്തിലുള്ളതാണ്.

നമ്മുടെ കമ്പോളം തുറന്നിട്ടപ്പോൾ (നാം ഉൽപ്പന്നങ്ങൾ കയറ്റി അയക്കുമ്പോഴും) അന്താരാഷ്ട്ര വിലയുമായി മത്സരിക്കാൻ വേണ്ടി ഉൽപാദകർക്ക് സബ്സിഡി നൽകുകയെന്നത് എല്ലാരാജ്യത്തും നിലവിലുള്ള സംവിധാനമാണ്. കാർഷികരംഗം ഏറെ വികസിച്ചതും യന്ത്രവൽക്കരിക്കപ്പെട്ടതുമായ യൂറോപ്പിലും അമേരിക്കയിലും വളരെ ഉയർന്ന കാർഷിക സബ്സിഡിയാണ് നിലവിലുള്ളത്.